പതിനാലാം **കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **5209**

**23-05-2017 ൽ മറുപടിയ്ക്ക്**

## കൃഷി വിജ്ഞാന വ്യാപനത്തിനായി ആത്മ പ്ലസ് പദ്ധതി

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ

,, കെ.വി.അബ്ദുൾ ഖാദർ

ശ്രീമതി.വീണാ ജോർജ്ജ്

ശ്രീ.പി.ടി.എ. റഹീം

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി വിജ്ഞാന വ്യാപനത്തിനായി ആത്മ പ്ലസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയായ ആത്മയുടെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്ക് സപ്പോർട്ട് സ്കീം ആയിട്ടാണ് ആത്മ പ്ലസ് പദ്ധതി 2013-14 വർഷം ആരംഭിച്ചത്. പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :-<br>1. ആത്മ പദ്ധതിയിലെ ഘടകങ്ങളായ ഫാം സ്കൂൾ, പ്രദർശനത്തോട്ടങ്ങൾ എന്നിവയ്ക്ക് കൂടുതൽ ധനസഹായം കർഷകർക്ക് നൽകുക എന്നത് ആത്മ പ്ലസ് പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. കൂടാതെ കർഷകർക്ക്, സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകി കൃഷി ചെയ്യുന്നതിനായി പദ്ധതിയിലെ ഫാർമർ ഫീൽഡ് സ്കൂളുകൾ സഹായകമാകും.<br>2. കാർഷിക സർവ്വകലാശാല, ICAR സ്ഥാപനങ്ങളുമായി ചേർന്നു കൊണ്ട് ജില്ലകളിൽ സാങ്കേതിക മേളകൾ സംഘടിപ്പിക്കാൻ ആത്മ പ്ലസ് മുഖേന സാധ്യമാകുന്നതാണ്.<br>3. ജൈവ കൃഷിയിലേയ്ക്ക് ഊന്നൽ നൽകുന്ന ഈ കാലയളവിൽ കർഷക ശാസ്ത്രജ്ഞ സാങ്കേതിക മേളകൾ പുതിയ വിജ്ഞാന മേഖലകളിലേയ്ക്കുള്ള സാദ്ധ്യതകൾ ഉറപ്പാക്കുന്നു.<br>4. ആത്മ പ്ലസിലെ സംയോജിത കാർഷിക സമ്പ്രദായ പ്രവർത്തനങ്ങളിലൂടെ മുഖേന |

| | | |
|---|---|---|
| | | ക്ഷണം, മത്സ്യകൃഷി, ഡയറിഫാം എന്നിവ ഉൾപ്പെടുത്തി തിരഞ്ഞെടുത്ത കർഷകരുടെ തോട്ടങ്ങൾ ഒരു സമ്പൂർണ്ണ കാർഷിക യൂണിറ്റായി വികസിപ്പിക്കാൻ സാധിക്കുന്നതാണ്<br>5.കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ വിജയം കൈവരിച്ച പ്രവർത്തനങ്ങൾ, വിളകളിലെ പ്രധാന രോഗ-കീടങ്ങളുടെ ലക്ഷണങ്ങൾ, അവയുടെ നിയന്ത്രണമാർഗ്ഗങ്ങൾ തുടങ്ങി കർഷകർക്ക് ഉപകാരപ്രദമായ അറിവുകൾ ആത്മന്യൂസ് ലെറ്റർ ആയും വിതരണം ചെയ്യാൻ ആത്മ പ്ലസ് പദ്ധതിയിലൂടെ സാധ്യമാക്കുന്നു.<br>മേൽപറഞ്ഞവ കൂടാതെ ആത്മഗ്രൂപ്പുകൾക്കുള്ള ടെക്നോളജിഫണ്ട്, പെസ്റ്റ് സർവൈവലൻസ് ഫണ്ട്,ആത്മപ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, ഫാർമർ എക്സ്റ്റൻഷൻ ഓർഗനൈസേഷൻ, തിരഞ്ഞെടുത്ത പഞ്ചായത്തുകളെ മാതൃകാപഞ്ചായത്ത് ആക്കുവാനുള്ള പദ്ധതി എന്നിങ്ങനെയുള്ള ഘടകങ്ങളും ആത്മപ്ലസ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട് |
| (സി) | ആത്മ പ്ലസിന്റെ കീഴിലുള്ള എല്ലാ വിജ്ഞാന വ്യാപന പദ്ധതികളും മൃഗസംരക്ഷണം. ക്ഷീര വികസനം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ പദ്ധതികളുമായി ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമോ? | (സി) കേന്ദ്രഗവൺമെന്റ് പദ്ധതിയായ ആത്മയ്ക്ക് സപ്പോർട്ട് ആയി തയ്യാറാക്കിയ ഒരു പദ്ധതിയിൽ കൃഷി അനുബന്ധമേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളെക്കൂടി ഏകോപിപ്പിച്ചാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ